(ഡി) വിവിധ ഗ്രാമവികസന പദ്ധതികൾക്ക് കേന്ദ്രസംസ്ഥാന വിഹിതമായി ഡി.ആർ.ഡി.എ.-കൾക്ക് ലഭിക്കുന്ന പണത്തിൽ ഡി.ആർ.ഡി.എ.-യുടെ ഭരണ ചെലവ്, പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന നടപ്പാക്കുന്നതിനുള്ള ചെലവ് എന്നിവ ഡി.ആർ.ഡി.എ.-കൾ നേരിട്ടും, തരിശുഭൂമി വികസന പരിപാടിയുടെ നടത്തിപ്പിനുള്ള ചെലവ് ജില്ലാതല നീർത്തട വികസന സമിതി മുഖേനയും മറ്റു പദ്ധതികൾ ത്രിതല പഞ്ചായത്തുകൾ മുഖേനയും പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിക്കുന്നു. ഡി.ആർ.ഡി.എ.-കൾക്ക് ലഭിക്കുന്ന പണം ബാങ്ക് അക്കൗണ്ടുകളിലും ട്രഷറി അക്കൗണ്ടുകളിലുമാണ് നിക്ഷേപിക്കുന്നത്.

(ഇ) ഡി.ആർ.ഡി.എ. മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു :

2001-02	..	185.73 കോടി രൂപ
2002-03	..	187.16 കോടി രൂപ

2002-2003 സാമ്പത്തികവർഷം ചെലവഴിച്ച തുകയിൽ യൂണിസെഫിൽ നിന്നും കാസർഗോഡ്, മലപ്പുറം ഡി.ആർ.ഡി.എ.-കൾക്ക് ലഭിച്ച 25 ലക്ഷം രൂപയും ഉൾപ്പെടുന്നു.

സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം

8 (*757) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുദിനം വർദ്ധിച്ചുവരുന്ന സ്വകാര്യ ആശുപത്രികളെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ ഗവൺമെന്റിന്റെ കൈവശമുണ്ടോ ;

(ബി) ഇവയുടെ പ്രവർത്തനങ്ങളിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ ;

(സി) സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന രോഗികളെ സാമ്പത്തികമായി ചൂഷണം ചെയ്യുന്നതിനുവേണ്ടി ആശ്യമില്ലാത്ത വലിയ ചെലവു വരുന്ന ടെസ്റ്റുകൾ നടത്തുന്നതിനും പരിധിയിൽ കവിഞ്ഞ മുറിവാടകയും മറ്റും ഈടാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആതുര ശുശ്രൂഷ എന്ന ലക്ഷ്യംവിട്ട് കൊള്ളലാഭമുണ്ടാക്കുന്ന ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നിയമം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ആയതിനുവേണ്ട നിയമനിർമ്മാണം നടത്തി ജനങ്ങളെ ചൂഷണം ചെയ്തുനടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ&ബി) ഇല്ല.

(സി) ഇത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഇക്കാര്യം സജീവ പരിഗണനയിലാണ്.

കേരള വികസന പദ്ധതി

9 (*758) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വികസന പദ്ധതി എന്നുമുതലാണ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചത് ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം നടപടികളാണ് ഇതുവരെ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഈ പദ്ധതിയുടെ വിജയം ഏത് അളവുവരെയുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) 30-12-2002-ലെ ജി.ഒ.(പി) 208/02/തവസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള വികസന പദ്ധതി ഡിസംബർ 9-ന് ഉദ്ഘാടനം ചെയ്തു.

(ബി) ജനകീയാസൂത്രണം പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ്. അതിലൂടെ നേടിയ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഉചിതമല്ലാത്ത നടപടിക്രമങ്ങളും സംവിധാനങ്ങളും ഒഴിവാക്കി, വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കുകയെന്നതാണ് കേരള വികസന പദ്ധതിയുടെ ലക്ഷ്യം. വികേന്ദ്രീകൃതാസൂത്രണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വീകാര്യമായ സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക, പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടും ചെലവ് ചുരുക്കിയും നടപ്പാക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, ത്രിതല പഞ്ചായത്തുകൾ തമ്മിലുള്ള ബൈവബന്ധം കൂടുതൽ ദൃഢമാക്കുക, ജനങ്ങളുടെ പ്രതികരണം ഉൾക്കൊണ്ട് ഭരണം നടത്താൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക, സംയോജിത പ്രോജക്ടുകളും ബഹുവർഷ പ്രോജക്ടുകളും തയ്യാറാക്കി നിർവ്വഹണം നടത്തുന്നതിന് സാഹചര്യം സൃഷ്ടിക്കുക ; മുതലായവയാണ് കേരള വികസന പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly